## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 525** **10-07-2024 - ൽ മറുപടിയ്ക്ക്**

## നാടൻ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യക്കർഷകരെ ഉൾപ്പെടുത്തി നാടൻ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ എന്നിവയുടെ കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മത്സ്യകർഷകർക്ക് ധനസഹായം നൽകി വരുന്നു. ടി പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് മത്സ്യവിത്തുൽപ്പാദനത്തിനുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നു. ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തന ചെലവിനുമായി 475 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുകയും അതിൻ പ്രകാരം 278 പുതിയ യൂണിറ്റുകൾക്കും 261 പഴയ യൂണിറ്റുകൾക്കും ധനസഹായം നൽകുകയും 101.946 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തികവർഷവും പിന്നാമ്പുറ മത്സ്യവിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 493 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ പുരോഗതി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിലയിരുത്തുകയും ആവശ്യമെങ്കിൽ കർഷകർക്ക് പ്രത്യേകം പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഉൽപ്പാദിപ്പിക്കുന്ന മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പിക്കാൻ മത്സ്യ വിത്തുകേന്ദ്രവും ആവശ്യമായ പരിശോധനകൾ നടത്തുന്നു. |
| (ബി) | നാളിതുവരെ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ; | (ബി) | കരിമീൻ, വരാൽ പിന്നാമ്പുറ വിത്തുല്പ്പാദന യൂണിറ്റുകളിൽ നിന്നും 101.95 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നാളിതുവരെ ഉൽപ്പാദിപ്പിച്ചു |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം **അനുബന്ധമായി** ചേർക്കുന്നു |
| (സി) | ഈ പദ്ധതി തുടർന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംസ്ഥാനത്തെ മത്സ്യവിത്ത് ഉല്പാദനത്തിന് എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. ഈ സാമ്പത്തിക വർഷം 493 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 350 പുതിയ യൂണിറ്റുകൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയും മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് പ്രവർത്തനം നടത്തിക്കൊണ്ടു പോകുന്നതിനായി പ്രവർത്തന ചെലവിന്റെ 20% സബ്സിഡി നൽകുകയും അതിന് മുൻപ് സ്ഥാപിച്ച യൂണിറ്റുകൾക്ക് 10% സബ്സിഡിയും നൽകുന്നു. ടി യൂണിറ്റുകളിൽ നിന്നുള്ള മൽസ്യവിത്തുകൾ സർക്കാർ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുകയും കർഷകർ നേരിട്ട് മത്സ്യവിത്തുകൾ വിപണനം ചെയ്യുകയും ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുക വഴി വരും വർഷങ്ങളിൽ തദ്ദേശീയ മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കരിമീൻ, വരാൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക്
## (2023-24 വർഷം)

| ക്രമ നം. | ജില്ല | കരിമീൻ വിത്തുകളുടെ എണ്ണം | വരാൽ വിത്തുകളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 1264100 | 143500 |
| 2. | കൊല്ലം | 1805650 | 289460 |
| 3. | പത്തനംതിട്ട | 26000 | 33230 |
| 4. | ആലപ്പുഴ | 1292650 | 498050 |
| 5. | കോട്ടയം | 571940 | 294640 |
| 6. | എറണാകുളം | 2594000 | 258000 |
| 7. | തൃശ്ശൂർ | 268000 | 178400 |
| 8. | മലപ്പുറം | 143500 | 100000 |
| 9. | കോഴിക്കോട് | | 50000 |
| 10. | വയനാട് | | 176000 |
| 11. | കണ്ണൂർ | 70000 | |
| 12. | കാസർഗോഡ് | 60000 | 77500 |
| | | 8095840 | 2098780 |

Sd/-

സെക്ഷൻ ഓഫീസർ